# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *136 — 14/06/2013 - ലെ മറുപടിയ്ക്ക്

## വരൾച്ചമൂലം കർഷകർക്കുണ്ടായ നഷ്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ജെയിംസ് മാത്യു<br>ശ്രീ കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ എ. എം. ആരിഫ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) വരൾച്ച മൂലം സംസ്ഥാനത്തെ കാർഷികമേഖലയിൽ ഉണ്ടായിട്ടുള്ള നഷ്ടം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. സംസ്ഥാനത്തെ കാർഷിക മേഖലയിൽ 2012-13 വർഷത്തിൽ ഖാരീഫ് സീസണും, റാബീ സീസണും ചേർത്ത് 7503.35 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. |
| (ബി) നിലവിലുള്ള മാനദണ്ഡപ്രകാരം കർഷകർക്ക് ന്യായമായ നഷ്ടപരിഹാരം ലഭ്യമാകുകയില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) ഈ പശ്ചാത്തലത്തിൽ കർഷകർക്ക് ന്യായമായ നഷ്ടപരിഹാരം ലഭിക്കത്തക്ക രീതിയിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) & (സി) 11/06/2012 ലെ സ.ഉ.(എം.എസ്.)നം.239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം പ്രകൃതി ക്ഷോഭം മൂലമുള്ള വിളനാശത്തിന് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്ന് 01/04/2012 മുതൽ പ്രാബല്യത്തിൽ പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകുന്നുണ്ട്. ഇതു കൊണ്ടുമാത്രം നഷ്ടം നികത്താൻ കഴിയില്ല എന്നതിനാൽ ധനസഹായം അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിന് പ്രത്യേക പാക്കേജ് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) നാളിതുവരെയായി എത്ര രൂപയാണ് കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; കേന്ദ്ര സർക്കാരിനെ അറിയിച്ച മൊത്തം നഷ്ടം എത്രയായിരുന്നു; ലഭിച്ച കേന്ദ്രസഹായം എത്ര? | (ഡി) 2012 ഖാരിഫ് സീസണിൽ വരൾച്ച മൂലം കൃഷി നാശം സംഭവിച്ച 3737 കർഷകർക്ക് 44,02,452/- രൂപ ഇതിനകം ധനസഹായം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| ജില്ല | തുക (രൂപ) | കർഷകർ |
|---|---|---|
| ഇടുക്കി | 28,65,454 | 3489 |
| തിരുവനന്തപുരം | 15,00,000 | 234 |
| തൃശ്ശൂർ | 36,998 | 14 |
| ആകെ | 44,02,452 | 3737 |

കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം നൽകുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്ന് 2013-14 വർഷത്തിൽ 1,01,34,546/- രൂപ ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കാർഷിക മേഖലയിലുണ്ടായ 5810.66 കോടി രൂപയുടെ നഷ്ടം ഉൾപ്പെടെ ആകെ 7888.0965 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കി അധിക സാമ്പത്തിക സഹായത്തിനുള്ള മെമ്മോറാണ്ടം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നാല് ജില്ലകളെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനെത്തുടർന്ന് കേന്ദ്രസർക്കാരിന് സമർപ്പിച്ച 1995 കോടി രൂപയുടെ മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് 18.31 കോടി രൂപ ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ